പത്താം പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന സാമ്പത്തിക വളർച്ച

11 (3747) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിയുടെ ആദ്യ വർഷത്തിൽ സംസ്ഥാനത്തിന്റെ ജി.ഡി.പി. വളർച്ച എത്ര ശതമാനമായിരുന്നു ;

(ബി) ഈ നിരക്കിൽ പത്താം പദ്ധതിയുടെ പ്രതീക്ഷിച്ച ജി.സി.പി. വളർച്ചാ നിരക്കിൽ എത്തിച്ചേരുന്നതിന് ഇനിയുള്ള ഓരോ വർഷവും സംസ്ഥാനത്തിന്റെ ജി.സി.പി. എത്ര ശതമാനം വച്ച് വളരേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) അതിനു വേണ്ടി പദ്ധതി പ്രവർത്തനരംഗത്ത് എന്തെല്ലാം പുതിയ തന്ത്രങ്ങൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ആസൂത്രണ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളപ്രകാരം പത്താം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ ജി.ഡി.പി. 6.5 ശതമാനം വാർഷിക വർദ്ധനയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പത്താം പദ്ധതിയുടെ ആദ്യവർഷം (2002-2003) സംസ്ഥാനത്തിന്റെ ജി.ഡി.പി. 6.5 ശതമാനം വളർച്ചാ നിരക്കാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 2002-2003 വർഷത്തിൽ ഉണ്ടായ വളർച്ചയെ സംബന്ധിച്ച കണക്കുകൾ തയ്യാറായി വരുന്നതേയുള്ളു.

പത്താം പദ്ധതിയുടെ പ്രതീക്ഷിച്ച വളർച്ചാനിരക്കിൽ എത്തിച്ചേരുന്നതിന് ഇനിയുള്ള ഓരോ വർഷവും സംസ്ഥാനത്തിന്റെ ജി.ഡി.പി. 6.5 ശതമാനം വച്ചു വളരേണ്ടതുണ്ട്.

(സി) സംസ്ഥാനത്തിന്റെ സമ്പദ്ഘടനം കൂടുതൽ വികസനോൻമുഖമാക്കുന്നതിനും പ്രധാനപ്പെട്ട എല്ലാ മേഖലകളുടെയും പുരോഗതി ഉറപ്പാക്കുന്നതിനും വേണ്ട വികസന പദ്ധതികൾ നടപ്പാക്കാനാണ് പത്താം പഞ്ചവൽസര പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കൃഷിയും അനുബന്ധ മേഖലകളും വ്യവസായം, ജലസേചനം, പശ്ചാത്തല സൗകര്യങ്ങൾ, വൈദ്യുതി ഉൽപ്പാദനം, ശാസ്ത്രീയ സേവനരംഗം തുടങ്ങി എല്ലാ മേഖലകളിലും അനുയോജ്യമായ പദ്ധതികൾ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്ത്രീ ശാക്തീകരണത്തിനുതകുന്ന ലഘു പദ്ധതികളും, വ്യവസായം, വിനോദ സഞ്ചാരം, വിവര സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ സ്വകാര്യവിദേശ നിക്ഷേപം ഉൾപ്പെടെ കൂടുതൽ മുതൽമുടക്ക് നടത്തി പത്താം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വളർച്ചാ നിരക്ക് കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേക്കായി സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുവാനുള്ള ശ്രമം തുടർന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly